കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്









बागवानी मिशन
Horticulture Mission
സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള
യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം

# വാർഷിക പ്രവർത്തന റിപ്പോർട്ട് 2024-25

കേരള സർക്കാർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

# വാർഷിക പ്രവർത്തന റിപ്പോർട്ട്
# 2024–25

बागवानी मिशन
Horticulture Mission

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ–കേരള
യൂണിവേഴ്സിറ്റി പി.ഒ. തിരുവനന്തപുരം

6-9210-2025

# സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള
## വാർഷിക പ്രവർത്തന റിപ്പോർട്ട് 2024-25

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ (എൻ.എച്ച്.എം.) പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനായി 2005 നവംബർ മാസം തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘം രജിസ്റ്ററാക്കൽ ആക്ട് (1955) പ്രകാരം രൂപീകൃതമായ സ്ഥാപനമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള. 2014-15-ൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയെ മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്.) എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്.

ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി അടിസ്ഥാന സൗകര്യ വികസനം, വിളവിസ്തൃതി വ്യാപനം, കൃഷിത്തോട്ടങ്ങളുടെ പുനഃരുദ്ധാരണം, കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം ഒരുക്കൽ, സംയോജിത സസ്യ സംരക്ഷണ മുറകൾ പ്രോത്സാഹിപ്പിക്കൽ, സംരക്ഷിത കൃഷി പ്രോത്സാഹിപ്പിക്കൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ, വിളവെടുപ്പാനന്തര പരിപാലനം പ്രോത്സാഹിപ്പിക്കൽ, വിപണികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, സാങ്കേതിക വിജ്ഞാനവ്യാപനം, മാനവവിഭവശേഷി വികസനം, പച്ചക്കറി-പുഷ്പ വിളകളുടെ മികവിന്റെ കേന്ദ്രം എന്നിവയാണ് മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്.

കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ വിദേശ ഫലവർഗ്ഗങ്ങളായ ഡ്രാഗൺ ഫ്രൂട്ട്, അവക്കാഡോ, പാഷൻഫ്രൂട്ട്, റംബൂട്ടാൻ, മാഗോസ്റ്റീൻ, സ്ട്രോബറി എന്നിവയും നാടൻ ഫലവർഗ്ഗവിളകളായ മാവ്, പ്ലാവ്, കുടംപുളി, വാഴ, കൈതച്ചക്ക, പപ്പായ എന്നിവയും സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി എന്നിവയും സുഗന്ധതൈല വിളയായ വെറ്റില, തോട്ടവിളകളായ കശുമാവ്, കൊക്കോ എന്നീ വിളകളാണ് പ്രധാനമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് കൂടാതെ, ഹൈബ്രിഡ് പച്ചക്കറി കൃഷി, പുഷ്പകൃഷി (കട്ട്ഫ്ളവർ, ലൂസ് ഫ്ളവർ), കൂൺകൃഷി, തേനീച്ച വളർത്തൽ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനു പുറമേ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതികളും, റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (RIDF) പദ്ധതിയും, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതിയും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

**ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

സമഗ്രവും അത്യാധുനികവുമായ കൃഷി രീതികൾ, പ്രാദേശിക അടിസ്ഥാനത്തിൽ കാർഷിക ഗവേഷണം, സാങ്കേതിക വിജ്ഞാനവ്യാപനം, വിളവെടുപ്പാനന്തര പരിപാലനം, വിപണനം എന്നിവ അവലംബിക്കുക വഴി ഉയർന്ന ഉത്പാദനക്ഷമത ഉറപ്പാക്കുക, കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുക, ഇതിലൂടെ പഴം, പച്ചക്കറി, പുഷ്പങ്ങൾ ഇവയുടെ ഉത്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്നതാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ–കേരളയുടെ പരമമായ ലക്ഷ്യം.

**പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ**

കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ), ഹോർട്ടിക്കോർപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ സ്ഥാപനങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, സർക്കാരേതര സന്നദ്ധ സംഘടനകൾ, കർഷകർ, കർഷക കൂട്ടായ്മകൾ, സ്വയം സഹായ കർഷക സംഘങ്ങൾ, സ്വകാര്യ സംരംഭകർ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവർ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

**സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ– അഡ്മിനിസ്ട്രേഷൻ**

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ–കേരളയുടെ ഭരണപരമായ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് ഗവേണിംഗ് ബോഡിയും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ്.

- **ഗവേണിംഗ് ബോഡി** – ബഹു. കൃഷിവകുപ്പ് മന്ത്രി ചെയർമാനും കാർഷികോത്പാദന കമ്മീഷണർ വൈസ് ചെയർമാനും മിഷൻ ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായിട്ടുള്ള സമിതിയാണ് ഗവേണിംഗ് ബോഡി. കൃഷിവകുപ്പ് സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, നാളികേര വികസന ബോർഡ് ചെയർമാൻ, സുഗന്ധവിള ബോർഡ് ചെയർമാൻ, ധനകാര്യവകുപ്പ് (ധനവിനിയോഗം) സെക്രട്ടറി, സി.പി.സി.ആർ.ഐ ഡയറക്ടർ, ഐ.ഐ.എസ്.ആർ ഡയറക്ടർ, അരക്കനട്ട് ആന്റ് സ്പൈസസ് ഡെവലപ്മെന്റ് ഡയറക്ടർ, കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ, വി.എഫ്.പി.സി.കെ സി.ഇ.ഒ, ഹോർട്ടിക്കോർപ്പ് മാനേജിംഗ് ഡയറക്ടർ, എൻ.എച്ച്.ബി. അസിസ്റ്റന്റ് ഡയറക്ടർ, നബാർഡ് ചീഫ് ജനറൽ മാനേജർ, കാർഷിക സർവ്വകലാശാല ഗവേഷണവിഭാഗം ഡയറക്ടർ കൂടാതെ, ഹോർട്ടിക്കൾച്ചർ മേഖലയിൽ നിന്നുള്ള കർഷക പ്രതിനിധികൾ എന്നിവരാണ് മറ്റ് ഗവേണിംഗ് ബോഡി അംഗങ്ങൾ.
- **സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി** – കാർഷികോത്പാദന കമ്മീഷണർ ചെയർമാനും മിഷൻ ഡയറക്ടർ മെമ്പർ സെക്രട്ടറിയും, കൃഷിവകുപ്പ് സെക്രട്ടറി, ധനകാര്യവകുപ്പ് (ധനവിനിയോഗം) സെക്രട്ടറി, കാർഷിക സർവ്വകലാശാല

വൈസ് ചാൻസിലർ, കേരള കാർഷിക വികസന കർഷക്ഷേമ വകുപ്പ് ഡയറക്ടർ, സുഗന്ധവിള ബോർഡ് ചെയർമാൻ എന്നിവർ ഉൾപ്പെട്ടതാണ് സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി.

- **ജില്ലാ ഹോർട്ടിക്കൾച്ചർ മിഷൻ** – എല്ലാ ജില്ലകളിലും ജില്ലാതല പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനും പ്രിൻസിപ്പൽ കൃഷി ഓഫീസർ വൈസ് ചെയർമാനും കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) മെമ്പർ സെക്രട്ടറിയായും ജില്ലാ ഹോർട്ടിക്കൾച്ചർ മിഷൻ രൂപീകരിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ, കൃഷി വിജ്ഞാന കേന്ദ്രം എന്നിവയിലെ പ്രതിനിധികളെയും, കർഷക പ്രതിനിധികളെയും ഉൾപ്പെടുത്തി ജില്ലാതല കമ്മിറ്റി പ്രവർത്തിക്കുന്നു.

**ജീവനക്കാരുടെ ഘടന**

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയിൽ സ്ഥിര നിയമനങ്ങളൊന്നും തന്നെയില്ല. സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും 7 ഉദ്യോഗസ്ഥരും കരാർ വ്യവസ്ഥയിൽ പ്രോജക്ട് ജീവനക്കാരും സേവനമനുഷ്ഠിച്ച് വരുന്നു.

2024-25 കാലയളവിലെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയിലെ സംസ്ഥാനത്താകെയുള്ള ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1. | മിഷൻ ഡയറക്ടർ | – | 1 | |
| 2. | കൃഷി ജോയിന്റ് ഡയറക്ടർ | – | 1 (വർക്കിംഗ് അറേഞ്ച്മെന്റ്) | |
| 3. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) | – | 1 (വർക്കിംഗ് അറേഞ്ച്മെന്റ്) | |
| 4. | കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ | – | 4 (വർക്കിംഗ് അറേഞ്ച്മെന്റ് – 1, ഡെപ്യൂട്ടേഷൻ – 3) | |
| 5. | അക്കൗണ്ട്സ് ഓഫീസർ | – | 1 | (കരാർ നിയമനം) |
| 6. | അസ്സി. അക്കൗണ്ട്സ് ഓഫീസർ കം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | – | 1 | (കരാർ നിയമനം) |
| 7. | ഫീൽഡ് കൺസൾട്ടന്റ് | – | 14 | (കരാർ നിയമനം) |
| 8. | ഫീൽഡ് അസ്സിസ്റ്റന്റ് | – | 95 | (കരാർ നിയമനം) |
| 9. | കമ്പ്യൂട്ടർ ഓപ്പറേറ്റർ | – | 1 | (കരാർ നിയമനം) |
| 10. | ക്ലർക്ക് കം ടൈപ്പിസ്റ്റ് | – | 1 | (കരാർ നിയമനം) |
| 11. | ഡ്രൈവർ | – | 14 | (കരാർ നിയമനം) |
| 12. | ഓഫീസ് അറ്റൻഡർ | – | 5 | (കരാർ നിയമനം) |
| | **ആകെ** | – | 139 | |

### മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്)

2024–25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി നടപ്പിലാക്കുന്നതിനായി 8333.75 ലക്ഷം രൂപയുടെ വാർഷിക പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിരുന്നു. ഇതിൽ 7464.00 ലക്ഷം രൂപ 2024–25 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്കും 869.75 ലക്ഷം രൂപ മുൻ വർഷങ്ങളിലെ സ്പിൽഓവർ പ്രവർത്തനങ്ങൾക്കുമാണ് വകയിരുത്തിയിരുന്നത്.

2024–25–ലെ മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ– കേരളയ്ക്ക് ലഭ്യമായ 4816.73151 ലക്ഷം രൂപയിൽ 3822.85207 ലക്ഷം രൂപ വാർഷിക പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിച്ചു.

വിത്ത് മുതൽ വിപണി വരെയുള്ള കേരളത്തിലെ ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനത്തിന് വേണ്ടി മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ– കേരള 2024–25 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

#### നടീൽവസ്തുക്കളുടെ ഉത്പാദനം

**ഹൈടെക് നഴ്സറി**

4 ഹെക്ടർ വരെയുള്ള ഹൈടെക് നഴ്സറി സ്ഥാപിക്കുവാൻ ഹെക്ടറൊന്നിന് പൊതുമേഖലയിൽ പദ്ധതി ചെലവിന്റെ 100 ശതമാനമായ 25 ലക്ഷം രൂപയും സ്വകാര്യമേഖലയിൽ പദ്ധതി ചെലവിന്റെ 40 ശതമാനമായ 10 ലക്ഷം രൂപയും വായ്പാബന്ധിത ധനസഹായം നൽകുന്ന പദ്ധതിയാണിത്. കുറഞ്ഞത് ഒരു ഹെക്ടറിൽ 50000 തൈകളെങ്കിലും പ്രതിവർഷം ഈ നഴ്സറികളിൽ ഉത്പാദിപ്പിക്കണം. ഇത് പദ്ധതിയധിഷ്ഠിതമായാണ് നടപ്പിലാക്കുന്നത്.

2024–25 സാമ്പത്തിക വർഷത്തിൽ പൊതുമേഖലയിൽ ഹൈടെക് നഴ്സറി സ്ഥാപിക്കുന്നതിനായി കണ്ണൂർ ആറളം ഫാമിംഗ് കോർപ്പറേഷൻ കേരള ലിമിറ്റഡിന് 46.51475 ലക്ഷം രൂപയും സ്വകാര്യ മേഖലയിൽ 9.20 ലക്ഷം രൂപയും മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

**അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾ ലഭിക്കുന്നതിനുള്ള നഴ്സറികളുടെ അടിസ്ഥാന സൗകര്യ വികസനം**

4 ഹെക്ടർ വരെയുള്ള നഴ്സറികൾക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി പൊതുമേഖലയിൽ മൊത്തം പദ്ധതി ചെലവിന്റെ 100 ശതമാനമായ 10 ലക്ഷം രൂപയും

സ്വകാര്യമേഖലയിൽ മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 5 ലക്ഷം രൂപയും ധനസഹായം നൽകുന്ന പദ്ധതിയാണിത്.

2024-25 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നും സ്വകാര്യമേഖലയിൽ ഒരു നഴ്സറിയുടെ അക്രിഡിറ്റേഷനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 4.22985 ലക്ഷം രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

**പുതിയ ടിഷ്യൂക്കൾച്ചർ ലാബുകളുടെ നിർമ്മാണം**

2024-25 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നും സ്വകാര്യമേഖലയിൽ പുതിയ ടിഷ്യൂക്കൾച്ചർ ലാബുകൾ നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ഒരു ടിഷ്യൂക്കൾച്ചർ ലാബിന് 2.84039 ലക്ഷം രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

**വിത്തുത്പാദനത്തിന് സഹായം**

പച്ചക്കറികളുടേയും സുഗന്ധവ്യഞ്ജനങ്ങളുടേയും (ഓപ്പൺ പോളിനേറ്റഡ് ക്രോപ്സ്) വിത്തുത്പാദനത്തിൽ പൊതുമേഖലയിൽ ഹെക്ടറൊന്നിന് 35000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ പരമാവധി 5 ഹെക്ടറിന് വരെയാണ് ഗുണഭോക്തൃ സ്ഥാപനത്തിന് ധനസഹായം നൽകുന്നത്.

2024-25 സാമ്പത്തിക വർഷത്തിൽ 300 ഹെക്ടറിൽ ഓപ്പൺ പോളിനേറ്റഡ് സീഡ് പ്രൊഡക്ഷൻ പദ്ധതി നടപ്പിലാക്കിയതിന് വെജിറ്റബിൾസ് ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള-ന് 105 ലക്ഷം രൂപ അനുവദിച്ചു. ചീര, കുമ്പളം, മത്തൻ, വഴുതന, ചുരക്ക, പടവലം, പയർ, മുളക്, വെണ്ട, വെള്ളരി മുതലായ വിവിധ വിളകളുടെ 29478.25 കിലോഗ്രാം വിത്ത് ഉത്പാദിപ്പിച്ചു. കൂടാതെ, ഹൈബ്രിഡ് പച്ചക്കറി വിത്തുത്പാദനത്തിന് കേരള കാർഷിക സർവ്വകലാശാലയ്ക്കും മുണ്ടേരി മോഡൽ സീഡ് ഗാർഡനും ഹെക്ടറൊന്നിന് 1.5 ലക്ഷം രൂപ നിരക്കിൽ 5 ഹെക്ടർ വീതം പദ്ധതി നടപ്പിലാക്കിയതിന് ആകെ 15.00 ലക്ഷം രൂപ വിനിയോഗിച്ചു. കേരള കാർഷിക സർവ്വകലാശായുടെ വിവിധ സ്റ്റേഷനുകളിലും മലപ്പുറം മുണ്ടേരി മോഡൽ സീഡ് ഗാർഡനിലും വിവിധയിനം പച്ചക്കറികളുടെ ഹൈബ്രിഡ് വിത്തുത്പാദനം നടപ്പിലാക്കി വരുന്നു.

## 2. വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടം സ്ഥാപിക്കൽ

ഈ ഘടകത്തിൽ ഉൾപ്പെടുത്തി വിവിധ ഹോർട്ടിക്കൾച്ചർ വിളകളുടെ വിസ്തൃതി വ്യാപനത്തിനായി ധനസഹായം നൽകുന്നു.

- ഡ്രാഗൺ ഫ്രൂട്ടിന്റെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപ 60:20:20 എന്ന അനുപാതത്തിൽ മൂന്ന്

വർഷകാലയളവിലായി ധനസഹായം നൽകുന്നു. സ്ട്രോബറിയുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ പരമാവധി 50,000/- രൂപ ധനസഹായം നൽകുന്നു. വാഴയുടെയും കൈതച്ചക്കയുടെയും സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 35,000 രൂപ 75:25 എന്ന അനുപാതത്തിൽ (ഒന്നും രണ്ടും വർഷങ്ങളിലായി) ധനസഹായം നൽകുന്നു. ടിഷ്യുകൾച്ചർ വാഴയുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000 രൂപ 75:25 എന്ന അനുപാതത്തിൽ ധനസഹായം നൽകുന്നു.

- പപ്പായയുടെ സൂക്ഷ്മ ജലസേചന സംവിധാനത്തോടു കൂടിയ പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 80,000 രൂപ 75:25 എന്ന അനുപാതത്തിലും സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 30,000 രൂപ 75:25 എന്ന അനുപാതത്തിലും നൽകുന്നു.

- മാവ്, പ്ലാവ്, അവാക്കാഡോ, റംബൂട്ടാൻ, പാഷൻഫ്രൂട്ട്, മാംഗോസ്റ്റീൻ, നെല്ലി, കുടംപുളി, ഞാവൽ എന്നീ ഫലവർഗ്ഗ വിളകളുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 30000/- രൂപ 60:20:20 എന്ന അനുപാതത്തിൽ 18,000/-, 6000/-, 6000/- എന്ന നിരക്കിൽ ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലായി നൽകുന്നു. ഫലവർഗ്ഗ വിളകളുടെ വിളവിസ്തൃതി വ്യാപനത്തിന് ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ വരെയാണ് ധനസഹായം നൽകുന്നത്.

- അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/- രൂപ ധനസഹായം നൽകും. ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

- കട്ട്ഫ്ളവർ കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 40000/- രൂപയും, ലൂസ് ഫ്ളവർ കൃഷിയ്ക്ക് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 16000/- രൂപയും ധനസഹായം നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

- ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിയ്ക്ക് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 12000/- രൂപയും, കുരുമുളകിന്റെ കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20000/- രൂപയും ധനസഹായം നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

- വെറ്റില കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 40000/- രൂപ ധനസഹായം നൽകും. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

- കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ സൂക്ഷ്മജലസേചന സംവിധാനമില്ലാതെ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20000 രൂപ 60:20:20 (ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലായി) എന്ന അനുപാതത്തിൽ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

2024-25 സാമ്പത്തിക വർഷത്തിൽ വിദേശ ഫലവർഗ്ഗമായ ഡ്രാഗൺ ഫ്രൂട്ടിന്റെ 45 ഹെക്ടർ പുതിയ തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 13.5 ലക്ഷം രൂപയും 5 ഹെകടറിൽ സൂക്ഷമജലസചന സൗകര്യത്തോടുകൂടിയ സ്ട്രോബറി കൃഷിയ്ക്കായ് 5.6 ലക്ഷം രൂപയും 35 ഹെക്ടറിൽ സൂക്ഷ്മ ജലസേചന സൗകര്യമില്ലാതെ സ്ട്രോബറി കൃഷ്യ്ക്കായ് 17.5 ലക്ഷം രൂപയും, 750.00 ഹെക്ടർ സ്ഥലത്ത് വാഴ (Sucker) കൃഷിയ്ക്കായ് 262.5 ലക്ഷം രൂപയും 96 ഹെക്ടർ സ്ഥലത്ത് ടിഷ്യൂക്കൾച്ചർ വാഴ കൃഷിയ്ക്കായി 36.00 ലക്ഷം രൂപയും 628.43 ഹെക്ടർ ഹെക്ടറിൽ സൂക്ഷ്മ ജലസേചന സൗകര്യമില്ലാത്ത കൈതച്ചക്ക ( sucker) കൃഷിയ്ക്കായി 219.95 ലക്ഷം രൂപയും, 13.726 ഹെകടർ സ്ഥലത്ത് പപ്പായ (സൂക്ഷ്മ ജലസേചന സൗകര്യത്തോടുകൂടി) കൃഷിയ്ക്കായ് 8.2354 ലക്ഷം രൂപയും 30.92 ഹെക്ടറിൽ സൂക്ഷ്മ ജലസേചന സൗകര്യമില്ലാത്ത പപ്പായ കൃഷിയ്ക്കായ് 6.957 ലക്ഷം രൂപയും ചിലവഴിച്ചു.

മാവ്, പ്ലാവ്, റംബൂട്ടാൻ, പേര മുതലായ ഫലവർഗ്ഗ വിളകളുടെ 22.53 ഹെക്ടറിൽ അതിസാന്ദ്രതാ കൃഷിയ്ക്കായി 8.1084 ലക്ഷം രൂപ വിനിയോഗിച്ചു.

77.934 ഹെക്ടറിൽ മാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 14.02818 ലക്ഷം രൂപയും, 137.74 ഹെക്ടറിൽ പ്ലാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 24.78636 ലക്ഷം രൂപയും, 46.824 ഹെക്ടറിൽ അവോക്കാഡോയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 8.42607 ലക്ഷം രൂപയും, 172.33 ഹെക്ടറിൽ റംമ്പൂട്ടാന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 31.66808 ലക്ഷം രൂപയും, 15.88 ഹെക്ടറിൽ പാഷൻഫ്രൂട്ടിന്റെ പുതിയ കൃഷി

ത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 2.8584 ലക്ഷം രൂപയും, 23.96 ഹെക്ടറിൽ മാഗോസ്റ്റീന്റെ പുതിയ കൃഷി ത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 4.3128 ലക്ഷം രൂപയും, 3.75 ഹെക്ടറിൽ കുടംപുളിയുടെ പുതിയ കൃഷി ത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 0.675 ലക്ഷം രൂപയും വിനിയോഗിച്ചു.

2024-25 സാമ്പത്തിക വർഷം 1262.96 ഹെക്ടറിൽ അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 252.592 ലക്ഷം രൂപയും വിനിയോഗിച്ചു. 210.26 ഹെക്ടർ സ്ഥലത്ത് കട്ട്ഫ്ളവർ കൃഷിയ്ക്കായി 83.2781 ലക്ഷം രൂപയും, 687.96 ഹെക്ടറിൽ മുല്ല, ജമന്തി എന്നീ പുഷ്പങ്ങളുടെ (ലൂസ് ഫ്ളവർ) കൃഷിയ്ക്കായി 111.8241 ലക്ഷം രൂപയും വിനിയോഗിച്ചു.

2024-25 സാമ്പത്തിക വർഷം 500 ഹെക്ടറിൽ സുഗന്ധവിളകളായ ഇഞ്ചി, മഞ്ഞൾ കൃഷിയ്ക്ക് 60.00 ലക്ഷം രൂപയും 1483.2 ഹെക്ടർ സ്ഥലത്ത് ദീർഘകാല സുഗന്ധ വിളയായ കുരുമുളക്, ജാതി, ഗ്രാംമ്പൂ, കറുവപട്ട എന്നിവയുടെ കൃഷിയ്ക്ക് 296.60967 ലക്ഷം രൂപയും വിനിയോഗിച്ചു. 186.84 ഹെക്ടറിൽ സുഗന്ധതൈലവിളയായ വെറ്റിലയുടെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുന്നതിനായി 74.9128 ലക്ഷം രൂപ വിനിയോഗിച്ചു. 380.63 ഹെക്ടറിൽ വെളുത്തുള്ളി കൃഷിയ്ക്കായി 60.9008 ലക്ഷം രൂപയും വിനിയോഗിച്ചു.

76.15 ഹെക്ടർ കശുമാവ് കൃഷിക്കായി 8.898 ലക്ഷം രൂപയും 418.56 ഹെക്ടർ കൊക്കോ കൃഷിക്കായി 50.22652 ലക്ഷം രൂപയും വിനിയോഗിച്ചു.

വിവിധയിനം ഹോർട്ടിക്കൾച്ചർ വിളകളുടെ വിളവിസ്തൃതി വ്യാപനത്തിനായി 1664.34768 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

3. കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം

ഉത്പാദനക്ഷമത കുറഞ്ഞതും രോഗബാധിതവുമായ വള്ളികൾ/ശാഖകൾ വെട്ടിമാറ്റി പകരം അത്യുത്പാദന ശേഷിയുള്ള പുതിയ തൈകൾ നട്ടുപിടിപ്പിച്ച് ശാസ്ത്രീയമായ കൃഷി രീതികൾ ആവിഷ്ക്കരിക്കുന്നതിന് ധനസഹായം നൽകുന്നു. ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 20,000 രൂപ ധനസഹായമായി നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണം നടത്തുന്നതിനാണ് ധനസഹായം നൽകുന്നത്.

2024-25 സാമ്പത്തിക വർഷം 992.1 ഹെക്ടർ സ്ഥലത്ത് കുരുമുളക്, കൊക്കോ, മാവ്, ജാതി മുതലായ വിളകളുടെ കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി 195.95052 ലക്ഷം രൂപ വിനിയോഗിച്ചു.

### 4. കൂൺ കൃഷി

പൊതുമേഖലയിൽ കൂൺ ഉത്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി യൂണിറ്റൊന്നിന് 20 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി പദ്ധതി ചെലവിന്റെ 100 ശതമാനവും സ്വകാര്യമേഖലയ്ക്ക് പദ്ധതി ചെലവിന്റെ 40 ശതമാനമായ 8 ലക്ഷം രൂപയും വായ്പാബന്ധിത ധനസഹായമായി അനുവദിക്കുന്നു.

2024–25 സാമ്പത്തിക വർഷം സ്വകാര്യമേഖലയിൽ 2 കൂൺ ഉത്പാദന യൂണിറ്റുകൾ കോട്ടയം, കോഴിക്കോട് ജില്ലകളിൽ സ്ഥാപിക്കുന്നതിനായി 9.2312 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

പൊതുമേഖലയിൽ കൂൺ വിത്തുത്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി യൂണിറ്റൊന്നിന് 15 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി പദ്ധതി ചെലവിന്റെ 100%–വും, സ്വകാര്യമേഖലയ്ക്ക് പദ്ധതി ചെലവിന്റെ 40 ശതമാനമായ 6 ലക്ഷം രൂപ വായ്പാബന്ധിത ധനസഹായം അനുവദിക്കുന്നു.

2024–25 സാമ്പത്തിക വർഷം സ്വകാര്യമേഖലയിൽ ഒരു കൂൺ ഉത്പാദന യൂണിറ്റ് കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതിനായി 5.72404 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

### 5. ജലസ്രോതസ്സുകളുടെ നിർമ്മാണം

മലയോര പ്രദേശങ്ങളിൽ 10 ഹെക്ടർ സ്ഥലത്തെ ജലസേചനത്തിനാവശ്യമായ കമ്മ്യൂണിറ്റി ടാങ്ക്/ കുളം/ ജലസംഭരണികൾ നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് 25 ലക്ഷം രൂപ ധനസഹായം നൽകുന്നു. കൂടാതെ, വ്യക്തിഗത ജലസംഭരണികൾ നിർമ്മിക്കുന്നതിന് 50 ശതമാനം സബ്സിഡി നിരക്കിൽ സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 75000/– രൂപയും, മലയോര പ്രദേശങ്ങളിൽ 90000/– രൂപയും ധനസഹായം നൽകുന്നു.

2024–25 സാമ്പത്തിക വർഷത്തിൽ സമതല പ്രദേശങ്ങളിൽ വ്യക്തിഗത ജലസംഭരണികളുടെ 39 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 29.41123 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 55 വ്യക്തിഗത ജലസംഭരണികൾ സ്ഥാപിച്ചതിന് 49.37654 ലക്ഷം രൂപയും വിനിയോഗിച്ചു.

### 6. സംരക്ഷിത കൃഷി

സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഫാൻ ആന്റ് പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻ ഹൗസ് സ്ട്രക്ച്ചറിന് ച:മീറ്ററിന് 825/– രൂപയും നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചർ സ്ഥാപിക്കുന്നതിന് സമതലപ്രദേശങ്ങളിൽ ച:മീറ്ററിന് 530/– രൂപയും, മലയോര പ്രദേശങ്ങളിൽ 610/– രൂപയും, പ്ലാസ്റ്റിക് പുതയിടലിന് ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തേയ്ക്ക്

സമതലപ്രദേശങ്ങളിൽ ഹെക്ടറൊന്നിന് 16000/- രൂപയും മലയോര പ്രദേശങ്ങളിൽ 18400/- രൂപയും, ട്യൂബുലാർ തണൽവല സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 4000 ച:മീറ്ററിന് സമതലപ്രദേശങ്ങളിൽ ച:മീറ്ററിന് 355/- രൂപയും മലയോര പ്രദേശങ്ങളിൽ 408/- രൂപയും, പോളീഹൗസിൽ കൃഷിചെയ്യുന്ന മൂല്യം കൂടിയ പച്ചക്കറി നടീൽ വസ്തുക്കളുടെ ചെലവിനും കൃഷിയ്ക്കുമായി ച:മീറ്ററിന് 70/- രൂപയും, ഓർക്കിഡ്, ആന്തൂറിയം മുതലായവയ്ക്ക് 350/- രൂപയും, കാർണേഷൻ, ജർബറ മുതലായവയ്ക്ക് 305/- രൂപയും റോസ്, ലില്ലി എന്നിവയ്ക്ക് 213/- രൂപയും ഒരു ഗുണഭോക്താവിന് പരമാവധി 4000 ചതുരശ്ര മീറ്ററിന് ധനസഹായം നൽകുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ 0.5138 ഹെക്ടർ സ്ഥലത്ത് ഫാൻ ആന്റ് പാഡ് സിസ്റ്റത്തിനായി 42.3864 ലക്ഷം രൂപയും സമതല പ്രദേശത്ത് 0.777 ഹെക്ടറിൽ ട്യൂബുലാർ സ്ട്രക്ച്ചർ ഗ്രീൻഹൗസ് സ്ഥാപിച്ചതിന് 41.16348 ലക്ഷം രൂപയും, മലയോര പ്രദേശത്ത് 0.5265 ഹെക്ടറിൽ ട്യൂബുലാർ സ്ട്രക്ച്ചർ ഗ്രീൻഹൗസ് സ്ഥാപിച്ചതിന് 32.11398 ലക്ഷം രൂപയും ധനസഹായം നൽകി. സമതല പ്രദേശത്ത് 4.78 ഹെക്ടറിൽ ട്യൂബുലാർ തണൽവല സ്ഥാപിച്ചതിന് 169.70341 ലക്ഷം രൂപയും മലയോര പ്രദേശത്ത് 1.3067 ഹെക്ടർ ട്യൂബുലാർ തണൽവല സ്ഥാപിച്ചതിന് 53.31356 ലക്ഷം രൂപയും ധനസഹായം നൽകി. 9.6435 ഹെക്ടറിൽ Anti Bird / Anti Hail nets സ്ഥാപിച്ചതിന് 16.87615 ലക്ഷം രൂപയും പോളീഹൗസിൽ കൃഷി ചെയ്യുന്ന മൂല്യം കൂടിയ പച്ചക്കറികളുടെ നടീൽ വസ്തുക്കളുടെ ചെലവിനും കൃഷിയ്ക്കുമായി 1.57 ഹെക്ടറിന് 10.97919 ലക്ഷം രൂപയും, 0.455 ഹെക്ടറിൽ ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷിയ്ക്കായി 15.91243 ലക്ഷം രൂപയും 0.064 ഹെക്ടറിൽ കാർണേഷൻ, ജർബറ എന്നിവയുടെ കൃഷിയ്ക്കായി 1.952 ലക്ഷം രൂപയും, 0.2 ഹെക്ടറിൽ റോസ്, ലില്ലി എന്നിവയുടെ കൃഷിയ്ക്കായി 4.26 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

സമതല പ്രദേശത്ത് 80.351 ഹെക്ടറിൽ പ്ലാസ്റ്റിക് പുതയിടീലിന് 12.8562 ലക്ഷം രൂപയും മലയോര പ്രദേശത്ത് 46.5 ഹെക്ടറിൽ പ്ലാസ്റ്റിക് പുതയിടീലിന് 8.37198 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

## 7. സംയോജിത രോഗ-കീട നിയന്ത്രണം

- സംയോജിത രോഗ-കീട നിയന്ത്രണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് പൊതുമേഖലയിൽ യൂണിറ്റൊന്നിന് 25 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി ചെലവിന്റെ 100 ശതമാനം ധനസഹായം നൽകി വരുന്നു.

  2024-25 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നും പൊതുമേഖലയിൽ തിരുവനന്തപുരം ജില്ലയിൽ ഒരു പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് സ്ഥാപിക്കുന്നതിനായി 9.48831 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

- സംയോജിത രോഗ-കീട നിയന്ത്രണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷത്തിൽ 80 ഹെക്ടർ സ്ഥലത്ത് 0.96 ലക്ഷം രൂപ വിനിയോഗിച്ചു.

8. ജൈവകൃഷി

30'x8'x2.5' വിസ്തീർണ്ണമുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 50,000/- രൂപ ധനസഹായം നൽകുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 99 മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 49.66226 ലക്ഷം രൂപ വിനിയോഗിച്ചു.

9. മികവിന്റെ കേന്ദ്രം- സെന്റർ ഓഫ് എക്സലൻസ്

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയുടെയും സംസ്ഥാന സർക്കാരിന്റെ റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയുടെയും സഹായത്തോടെ, ഇൻഡോ-ഡച്ച് കർമ്മ പദ്ധതിയുടെ ഭാഗമായി പച്ചക്കറി- പുഷ്പ വിളകളുടെ ഒരു 'മികവിന്റെ കേന്ദ്രം' (സെന്റർ ഓഫ് എക്സലൻസ്), വയനാട് ജില്ലയിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ സ്ഥാപിക്കുന്നതിനായി 7.67 കോടി രൂപ കേന്ദ്ര സർക്കാരിന്റെ എം.ഐ.ഡി.എച്ച് പദ്ധതി പ്രകാരവും 7.82 കോടി രൂപ സംസ്ഥാന സർക്കാരിന്റെ റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതി പ്രകാരവും വകയിരുത്തിയിട്ടുണ്ട്.

ഹൈടെക് രീതിയിലുള്ള 5 ഡച്ച് പോളീഹൗസുകൾ, 4 ഇന്ത്യൻ പോളീഹൗസുകൾ, പച്ചക്കറി- പുഷ്പ വിളകളുടെ നടീൽ വസ്തുക്കളുടെ ഉത്പാദന യൂണിറ്റുകൾ, 2 ഹെക്ടർ തുറസ്സായ സ്ഥലത്തുള്ള കൃത്യതാകൃഷി, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി സെന്റർ, പച്ചക്കറി-പുഷ്പ വിപണനത്തിനായുള്ള ഫെസിലിറ്റേഷൻ സെന്റർ, കർഷകർക്കും സാങ്കേതിക പ്രവർത്തകർക്കുമുള്ള പരിശീലന കേന്ദ്രം, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ.

വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം എം.ഐ.ഡി.എച്ച് പദ്ധതിയിൽ 48.67718 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

10. ഇന്റഗ്രേറ്റഡ് സപ്ലൈ ചെയിൻ

സംസ്ഥാനത്ത് പഴം പച്ചക്കറി വിളകൾക്കായുള്ള സംയോജിത വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി ചെറുകിട വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 22.18146 ലക്ഷം രൂപ വിനിയോഗിച്ചു

## 10. തേനീച്ച വളർത്തൽ

തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ എന്ന ഘടകം നോഡൽ ഏജൻസിയായ ഹോർട്ടിക്കോർപ്പ് മുഖാന്തിരമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള നടപ്പിലാക്കി വരുന്നത്. തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തേനീച്ച കോളനികളും പെട്ടികളും സ്ഥാപിക്കുന്നതിന് 280/- രൂപ വീതവും, തേനീച്ച വളർത്തുന്നതിനുള്ള ഉപകരണങ്ങളായ എക്സ്ട്രാക്ടറിന് 1800/- രൂപയും, സ്മോക്കർ കത്തി മുതലായവയ്ക്ക് 400/- രൂപയും ധനസഹായം നൽകുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ ഈ ഘടകത്തിൽ ഉൾപ്പെടുത്തി 46.776 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## 11. മാനവവിഭവശേഷി വികസനം

1. കർഷകർക്കായുള്ള പരിശീലന പരിപാടി

   2024-25 സാമ്പത്തിക വർഷത്തിൽ മാനവിഭവശേഷി വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിനകത്ത് പരിശീലനം നൽകുന്നതിന് 44.5575 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന് പുറത്തുള്ള പഠനയാത്രയ്ക്ക് 15.00 ലക്ഷം രൂപയും സംസ്ഥാനത്തിന് പുറത്തുള്ള പരിശീലനത്തിന് 16.00 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. കാർഷിക രംഗത്തെ ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ച് അറിയുന്നതിനും പ്രാവർത്തികമാക്കുന്നതിനും കർഷകർക്ക് ഇത് സഹായകമായിട്ടുണ്ട്.

2. ഉദ്യോഗസ്ഥ-സാങ്കേതിക വിദഗ്ദ്ധർക്കുള്ള പരിശീലനം/പഠനയാത്ര

   ഈ ഘടകത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിനകത്ത് പരിശീലന പരിപാടികൾ നടത്തിയതിന് 20.4 ലക്ഷം രൂപയും കാർഷിക മേഖലയിൽ മുന്നിട്ട് നിൽക്കുന്ന മറ്റ് സംസ്ഥാനങ്ങളിലേയ്ക്കുള്ള പഠനയാത്രയ്ക്ക് 21.75 ലക്ഷം രൂപയും ചെലവഴിച്ചു.

## 12. പ്രൊമോഷൻ ഓഫ് എഫ്.പി.ഒ.

സംസ്ഥാനത്തെ ഹോർട്ടിക്കൾച്ചർ വിളകൾക്കായുള്ള ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ.) പ്രോത്സാഹിപ്പിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതി സംസ്ഥാനത്തെ ഡെസിഗ്നേറ്റഡ് ഏജൻസിയായ എസ്.എഫ്.എ.സി മുഖാന്തിരം നടപ്പിലാക്കുന്നു.

## 13. സംയോജിത വിളവെടുപ്പാനന്തര പരിപാലനം

സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുന്നതിന് (9 മീറ്റർ x 6 മീറ്റർ) 2 ലക്ഷം രൂപയും, കൺവെയർ ബെൽറ്റ്, തരംതിരിക്കൽ, ഗ്രേഡിംഗ്, കഴുകൽ, ഉണക്കൽ എന്നീ സംവിധാനങ്ങളോടുകൂടിയ സംയോജിത പായ്ക്ക് ഹൗസ് യൂണിറ്റുകൾക്ക് സമതല

പ്രദേശങ്ങളിൽ 17.5 ലക്ഷം രൂപയും, മലയോരപ്രദേശത്ത് 25.00 ലക്ഷം രൂപയും സമതലപ്രദേശങ്ങളിൽ റീഫർവാൻ (9 മെ.ടൺ സംഭരണശേഷി) വാങ്ങുന്നതിനായി യൂണിറ്റൊന്നിന് 9.10 ലക്ഷം രൂപയും മലയോര പ്രദേശത്ത് 13.00 ലക്ഷം രൂപയും, സമതല പ്രദേശങ്ങളിൽ റൈപ്പനിംഗ് ചേമ്പർ സ്ഥാപിക്കുന്നതിന് 1 മെ.ടണ്ണിന് (35%) 0.35 ലക്ഷം രൂപയും മലയോര പ്രദേശത്ത് (50%) 0.50 ലക്ഷം രൂപയും, സമതല പ്രദേശങ്ങളിൽ പ്രൈമറി/ മൊബൈൽ/ മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് (40%) 10 ലക്ഷം രൂപയും മലയോര പ്രദേശത്ത് (55%) 13.75 ലക്ഷം രൂപയും, പുതിയ പ്രിസർവേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി യൂണിറ്റൊന്നിന് 1 ലക്ഷം രൂപയും നിലവിലുള്ള പ്രിസർവേഷൻ യൂണിറ്റുകളുടെ ശാക്തീകരണത്തിനായി യൂണിറ്റൊന്നിന് 0.5 ലക്ഷം രൂപയും ധനസഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷത്തിൽ 19 പായ്ക്ക്ഹൗസ് യൂണിറ്റുകൾ സ്ഥാപിച്ചതിനായി 37.95355 ലക്ഷം രൂപയും, സമതല പ്രദേശത്ത് 2 പ്രൈമറി/ മൊബൈൽ/ മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിച്ചതിനായി 14.17082 ലക്ഷം രൂപയും മലയോര പ്രദേശത്ത് 4 യൂണിറ്റ് സ്ഥാപിച്ചതിനായി 48.3784 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 3 പുതിയ പ്രിസർവേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 3.00 ലക്ഷം രൂപയും ഒരു റീഫർ വാനിനായി 9.1 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

## 14. വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം

ഹോർട്ടിക്കൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ചില്ലറ വ്യാപാര വിപണികൾ, പഴം-പച്ചക്കറി വിപണനത്തിനായി ഉന്തുവണ്ടികൾ, സംഭരണം- തരംതിരിക്കൽ, പായ്ക്കിംഗ് എന്നിവയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസനം, ഗുണമേന്മാ പരിശോധനാ ലാബ് (ക്വാളിറ്റി കൺട്രോൾ/ അനാലിസിസ് ലാബ്) എന്നിവ ഈ പദ്ധതിയിൽ സ്ഥാപിക്കുന്നതാണ്. ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും, പഴം-പച്ചക്കറി വിപണനത്തിനായുള്ള ഉന്ത് വണ്ടികൾക്ക് 15000/- രൂപയും, സംഭരണം- തരംതിരിക്കൽ, പായ്ക്കിംഗ് എന്നിവയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി സമതല പ്രദേശത്ത് 6 ലക്ഷം രൂപയും മലയോര പ്രദേശത്ത് 8.25 ലക്ഷം രൂപയും സ്റ്റാറ്റിക് / മൊബൈൽ വെന്റിംഗ് കാർട്ടുകൾക്ക് യൂണിറ്റൊന്നിന് 15000 രൂപയും ധനസഹായം നൽകുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ ഒരു ചില്ലറ വിൽപനശാല സ്ഥാപിക്കുന്നതിനായി 5.15343 ലക്ഷം രൂപയും പ്രാദേശിക വിപണി ശാക്തീകരിക്കുന്നതിനായി 75 സ്റ്റാറ്റിക് / മൊബൈൽ വെന്റിംഗ് കാർട്ടിനായി 11.25 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

## 16. മറ്റ് ഘടകങ്ങൾ

സെമിനാറുകൾ, ശില്പശാലകൾ, പ്രദർശനങ്ങൾ, ജില്ലാതല-സംസ്ഥാനതല-അന്തർ ദേശീയ മേളകൾ എന്നിവ സംഘടിപ്പിക്കുന്നതിനും പങ്കെടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തിൽ 35.46985 ലക്ഷം രൂപ വിനിയോഗിച്ചു. ജൂലൈ 20 മുതൽ 22 വരെ ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിച്ച International Agricultural and Horti Expo 2024-ൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കർഷകരേയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചു. ഈ എക്സിബിഷന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയ്ക്ക് ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു.

കൂടാതെ, പദ്ധതികളുടെ പ്രചാരണത്തിനായും ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾക്കായും 81.68444 ലക്ഷം രൂപയും സ്ഥാപനത്തിന്റെ ശാക്തീകരണം, ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി 434.5239 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)

**സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള 2024-25വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ കീഴിൽ** നടപ്പിലാക്കിയ **പ്രധാനപ്പെട്ട പദ്ധതികൾ:**

1. **തുറന്നസ്ഥലത്തെ കൃത്യതാ കൃഷി**

   **(Popularisation of open precision farming in Kerala)**

   2024-25 സാമ്പത്തിക വർഷം വാഴ, പച്ചക്കറി എന്നിവയുടെ കൃത്യതാ കൃഷിക്കായി 1302.485 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു. 1 ഹെക്ടർ സ്ഥലത്ത് വാഴ കൃഷിയ്ക്ക് 35000/- രൂപയും ഫെർട്ടിഗേഷൻ യൂണിറ്റിന് 45000/- രൂപയും പ്ളാസ്റ്റിക് പുതയിടലിന് 16000/- രൂപയും എന്ന കണക്കിനാണ് ആനുകൂല്യം നൽകുന്നത്.

   1 ഹെക്ടർ സ്ഥലത്ത് പച്ചക്കറിയുടെ കൃഷി ചെലവുകൾക്കായി 20000/- രൂപയും ഫെർട്ടിഗേഷൻ യൂണിറ്റിന് 55000/- രൂപയും, പ്ളാസ്റ്റിക് പുതയിടലിനു 16000/- രൂപയും എന്ന കണക്കിനാണ് ആനുകൂല്യം നൽകുന്നത്.

   2024-25 സാമ്പത്തിക വർഷത്തിൽ കൃത്യതാ കൃഷി നടപ്പിലാക്കിയതിലൂടെ 102.4158 ഹെക്ടർ സ്ഥലത്ത് കൃത്യതാകൃഷി നടപ്പിലാക്കിയതിലൂടെ 89.3915 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2. **സമഗ്ര കൂൺഗ്രാമം പദ്ധതി (Project on Comprehensive programme for Development of Mushroom Villages in Kerala )**

   2024-25 സാമ്പത്തികവർഷത്തിൽ 2655.95 ലക്ഷം രൂപയുടെ സമഗ്ര കൂൺഗ്രാമം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു. ഇത് വഴി 88 കൂൺഗ്രാമങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടു.

   100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകളും 2 വൻകിട കൂൺ ഉത്പാദന യൂണിറ്റുകളും 1 കൂൺ വിത്തുൽപ്പാദന യൂണിറ്റും 3 കൂൺ സംസ്കരണ യൂണിറ്റുകളും 2 പാക്ക് ഹൗസുകളും 10 കമ്പോസ്റ്റ് ഉൽപ്പാദന യൂണിറ്റുകളും പരിശീലന പരിപാടികളും ചേർന്നതാണ് ഒരു സമഗ്ര കൂൺ ഗ്രാമം.

   ചെറുകിട കൂൺ യൂണിറ്റിന് 11250/- രൂപയും, വലിയ കൂൺ ഉല്പാദന യൂണിറ്റിന് 2 ലക്ഷം രൂപയും, കൂൺ വിത്തുല്പാദന യൂണിറ്റിന് (സ്പോൺ) 2 ലക്ഷം രൂപയും, കമ്പോസ്റ്റ് യൂണിറ്റിന് 50000/- രൂപയും, പാക്ക്ഹൗസിനു 2 ലക്ഷംരൂപയും പ്രിസർവേഷൻ യൂണിറ്റിന് 1 ലക്ഷം രൂപയും ധനസഹായം നൽകിവരുന്നു. പരിശീലന പരിപാടികൾക്കായി 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു കൂൺ ഗ്രാമത്തിനായി 30.25 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതാണ്.

ക്ലൺ ഗ്രാമം പദ്ധതി ( ഘട്ടം ഒന്ന്) നടപ്പിലാക്കിയ ജില്ലകളുടെ പട്ടിക (ജില്ല–കാർഷിക ബ്ലോക്ക്) ചുവടെ ചേർക്കുന്നു

| ക്രമ. നം. | ജില്ല | കാർഷിക ബ്ലോക്ക് |
|---|---|---|
| 1. | തിരുവനന്തപുരം | നെടുമങ്ങാട് |
| 2. | കോഴിക്കോട് | ചേളന്നൂർ |
| 3. | കോഴിക്കോട് | തൂണേരി |
| 4. | കൊല്ലം | അഞ്ചൽ |
| 5. | കൊല്ലം | കൊട്ടാരക്കര |
| 6. | പത്തനംതിട്ട | റാന്നി |
| 7. | ആലപ്പുഴ | ചേർത്തല |
| 8. | ആലപ്പുഴ | ചെങ്ങന്നൂർ |
| 9. | ഇടുക്കി | തൊടുപുഴ |
| 10. | കോട്ടയം | കടുത്തുരുത്തി |
| 11. | എറണാകുളം | പറവൂർ |
| 12. | എറണാകുളം | ആലുവ |
| 13. | തൃശ്ശൂർ | ഒല്ലൂർക്കര |
| 14. | തൃശ്ശൂർ | മതിലകം |
| 15. | പാലക്കാട് | തൃത്താല |
| 16. | മലപ്പുറം | പരപ്പനങ്ങാടി |
| 17. | വയനാട് | മാനന്തവാടി |
| 18. | കണ്ണൂർ | തലശ്ശേരി |
| 19. | കണ്ണൂർ | പേരാവൂർ |
| 20. | കാസറഗോഡ് | പരപ്പ |

2024–25 വർഷത്തിൽ ക്ലൺ ഗ്രാമം പദ്ധതിയുടെ ആദ്യഘട്ടമായി ഇരുപതു ബ്ലോക്കുകളിൽ 172.246 ലക്ഷം രൂപ ചെലവഴിച്ചു.

**ക്ലൺ ഗ്രാമം വിവിധ ഘടകങ്ങളുടെ നേട്ടം**

| ക്രമ ന. | ഘടകം | ഭൗതിക നേട്ടം | ധനവിനിയോഗം (ലക്ഷം രൂപ) |
|---|---|---|---|
| 1. | ചെറുകിട ക്ലൺ യൂണിറ്റ് | 601 | 67.6125 |
| 2. | വൻകിട ക്ലൺ യൂണിറ്റ് | 26 | 51 |
| 3. | ക്ലൺ വിത്തുല്പാദന യൂണിറ്റ് | 5 | 10 |
| 4. | കമ്പോസ്റ്റ് യൂണിറ്റ് | 24 | 10.06107 |
| 5. | പാക്ക് ഹൗസ് | 5 | 9 |
| 6. | സംസ്കരണ യൂണിറ്റ് | 6 | 6 |
| 7. | പരിശീലനം | | 18.57288 |

3. **അർക്ക വെർട്ടിക്കൽ ഗാർഡൻ – (Arka Vertical Garden)**

2024–25 വർഷത്തിൽ സ്ഥല പരിമിതിയുള്ള കർഷകർക്ക് പച്ചക്കറി കൃഷി ചെയ്യാനായി 80 അർക്ക വെർട്ടിക്കൽ ഗാർഡൻ യൂണിറ്റുകൾ വിതരണം ചെയ്യാൻ ലക്ഷ്യമിടുകയും 7.0031 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

4. **കേരളീയ ഗൃഹങ്ങളിൽ ഫല വൃക്ഷ പോഷക തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ( Scheme for promoting establishment of fruit nutrition gardens in homesteads of Kerala)**

